ഉത്തരം

(എ) കൊല്ലം ഇരുമ്പുപാലം പൊളിച്ചു പുതിയ പാലം പണിയുന്നതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാറ്റ്പാക്കിനെ (NATPAC) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി-ഡി) പ്രോജക്ട് റിപ്പോർട്ട് നാറ്റ്പാക്കിൽ നിന്നും ലഭ്യമായാൽ പരിശോധനയ്ക്ക് ശേഷം കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

കൊല്ലം ജില്ലയിലെ ഗ്രാമീണ റോഡുകൾ

314 (1399) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ൽ കൊല്ലം ജില്ലയിൽ എത്ര ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ; എത്ര തുക വീതമാണ് അനുവദിച്ചതെന്ന് മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) കൊല്ലം മണ്ഡലത്തിൽ ഗ്രാമീണ റോഡുകൾക്ക് തുക അനുവദിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2015-16 കാലയളവിൽ കൊല്ലം ജില്ലയിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. കൊല്ലം മണ്ഡലത്തിൽ തുക അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുള്ള റോഡുകളുടെ പുനരുദ്ധാരണം

315 (1400) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ശബരിമല ഉത്സവ സീസണുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിനും മറ്റുമായി എത്രകോടി രൂപയാണ് ആകെ അനുവദിച്ചിട്ടുള്ളത് ; ഇവയുടെ ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ഓരോ ഡിവിഷനിലും അനുവദിച്ചിട്ടുള്ള പ്രവൃത്തിയുടെ പേരും തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഹു. കേരള ഹൈക്കോടതി കണ്ടെത്തിയിട്ടുള്ള ശബരിമല അനുബന്ധ റോഡുകൾ ഏതൊക്കെ ; അവയ്ക്ക് ഓരോന്നിനും ഇരുവശവും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തുക നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഏത്ര തുക വീതം നിശ്ചയിച്ചിട്ടുണ്ട് എന്ന വിവരമാരാമോ ;

(സി) ശബരിമല കണക്ടിംഗ് റോഡുകൾ എന്ന പേരിൽ ശബരിമല ഫെസ്റ്റിവലിൽ ഉൾപ്പെടുത്തി ഏതൊക്കെ റോഡുകൾക്ക് ഏത്ര തുക വീതമാണ് അനുവദിച്ചിരിക്കുന്നതെന്ന് പി.ഡബ്ല്യു.ഡി. സെക്ഷൻ, സബ് ഡിവിഷൻ എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ശബരിമല ചാർക്കൾക്ക് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ശബരിമല മണ്ഡല മകര വിളക്ക് 2015-16 ഉത്സവവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിനാ മറ്റുമായി ആകെ 94.54 കോടി രൂപ വിവിധ ഘട്ടങ്ങളിലായി അനുവദിച്ചിട്ടുണ്ട്. 1-10-2015-ലെ സ.ഉ.(സാധാ) നമ്പർ 1469/2015/പൊ.മ.വ പ്രകാരം 15.54 കോടി രൂപയും 7-10-2015-ലെ സ.ഉ.(എം.എസ്) നമ്പർ 86/2015/പൊ.മ.വ പ്രകാരം 70 കോടി രൂപയും ഇത് കൂടാതെ നോൺ പ്ലാൻ ഫണ്ടിൽ നിന്നും 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഹൈക്കോടതി 10-6-2015-ലെ SSCR No. 25 of 2015-ലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തെ എല്ലാ റോഡുകളും ശബരിമല മണ്ഡല മകരവിളക്ക് ഉത്സവം പ്രമാണിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തണമെന്നാണ് ഉത്തരവായിട്ടുള്ളത്. ഡിവിഷൻ തിരിച്ചുള്ള കണക്കും, പ്രവൃത്തിയുടെ പേരും, അനുവദിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

(ഡി) തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly